(ii) അടിയന്തിര ചോദ്യോത്തരങ്ങൾ

ENCROACHMENTS AROUND THE RESERVOIR IN MALAMPUZHA

(* 2) **Shri K. V. Surendranath**: Will the Minister for Revenue be pleased to State:

(a) Are Government aware of the encroachments around the reservoir in Malampuzha endangering the entire irrigation system on a Vast Scale;

(b) If so what action has been taken?

Minister for Revenue (**Shri P. J. Joseph**):

(a) Yes.

(b) When the water recedes during certain seasons in the catchment area of Malampuzha reservoir, the inhabitants including Adivasis of the Anakkal, Elival, Elakka and Vilagapotta hilly areas encroach in the reservoir area for cultivation. During the current year when such unauthorised cultivation started, evictions were carried out systematically and police pickets posted at various places. The village staff are at this job of eviction.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: കൃഷിയിറക്കുന്ന സമയത്ത് നടപടികൾ എടുക്കാതിരിക്കുകയും അതിനുശേഷം അവർ ഇറക്കുന്ന കൃഷികൾ നശിപ്പിക്കുകയും, ബലപ്രയോഗം നടത്തുകയും ചെയ്യുന്നതിനുപകരം നേരത്തെകൂട്ടി ഇങ്ങനെ ഒരു സമ്പ്രദായം ഉണ്ടാകാതിരിക്കുന്നതിന് പ്രിവൻറീവ് മെഷേഴ്സ് എടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ? അങ്ങനെ ഏതെങ്കിലും റവന്യൂ ഭൂമിയിൽ പലതവണ കൃഷിയിറക്കിയ ആളുകളെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അവിടെ കുറെ വർഷങ്ങളായി കൃഷി നടക്കുന്നുണ്ടായിരുന്നു. കഴിഞ്ഞവർഷമാണ് ഈ കാര്യം എൻറെ ശ്രദ്ധയിൽപ്പെട്ടത്. അവിടെ സന്ദർശിച്ചപ്പോൾ ആ പ്രദേശത്തെല്ലാം കൃഷി ചെയ്തിരിക്കുന്നതായി കാണുകയും ചെയ്തു. ഇത് അവിടെയുള്ള കുടിവെള്ളത്തെ ബാധിക്കുന്നുണ്ട്. രാസവളങ്ങളും അതുപോലെ കീടനാശിനികളും ഉപയോഗിക്കുന്നതാണ് ഇതിനു കാരണം. റിസർവോയർ ഏരിയായിൽ 450 ഏക്കർ സ്ഥലത്ത് കൃഷിയുണ്ടായിരുന്നു. 525 പേരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. കഴിഞ്ഞവർഷം ഇവരെ മുഴുവൻ ഒഴിപ്പിക്കുകയും ഭാവിയിൽ ഇത് തുടരാതിരിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെൻറും റവന്യൂ ഡിപ്പാർട്ടുമെൻറും ഒന്നുചേർന്ന് ആവശ്യമായ നടപടികളെടുത്തിരിക്കുകയാണ്. അവിടേയും ഒഴിപ്പിക്കലിനെതിരായി ഹൈക്കോടതിയിൽ നിന്ന് 11 പേർക്ക് സ്റ്റേ കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: പുനരധിവാസത്തിന്റെ പ്രശ്നം ഉദിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. അവിടെ താമസമില്ല. വെള്ളം ഇറങ്ങുമ്പോൾ വന്ന് കൃഷിയിറക്കുകയാണ് ചെയ്യുന്നത്. ഇത് ഒരിക്കലും പ്രോൽസാഹിപ്പിക്കാവുന്ന നടപടിയാണെന്ന് തോന്നുന്നില്ല.

ശ്രീ. സി. വാസുദേവമേനോൻ: മലമ്പുഴയിലെ കാച്ച്മെൻറ് ഏരിയായിൽ കൃഷിയിറക്കുന്നത് ഡാമിനുതന്നെ വളരെ ആപൽക്കരമാണ്. അങ്ങനെ കൃഷി നടത്തുന്നത് പ്രമണിമാരായ ആളുകളം ആദിവാസികളെക്കൊണ്ട് ചെയ്യിക്കുന്നതാണെന്നും അറിയുന്നു. വെള്ളം നിറഞ്ഞാൽ ഈ കാര്യം അപ്പോഴത്തെ അവകാശികളായ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറാണ് കൈകാര്യം ചെയ്യേണ്ടത്. ഡാമിൽ വെള്ളം നിറയാതിരിക്കാൻവേണ്ടി, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ്, ഷട്ടർ തുറന്നുവച്ച് ഒരിക്കലും വെള്ളം കയറാതിരിക്കുന്നതിനുള്ള നടപടികളം സ്വീകരിക്കുന്നുണ്ടോ? അങ്ങനെ കൃഷിചെയ്തത് ഇപ്പോൾ അവിടെ തെങ്ങുകളെല്ലാം വളർന്ന് വലിയ തെങ്ങുകളായിട്ടുണ്ട്. 'കേരള കൗമുദി'യിൽ അതിന്റെ ഫോട്ടോ വന്നിട്ടുണ്ട്. ഇതിൽ റവന്യൂ ഡിപ്പാർട്ടുമെൻറ് നടപടിയെടുത്തിട്ടുണ്ട്. ഇനി ഒരിക്കലും ഇതുപോലെ ഉണ്ടാവാതിരിക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് എന്ത് നടപടിയെടുത്തു? അവിടെ ഉദ്യോഗസ്ഥൻമാർക്ക് എതിരായി വല്ല നടപടികളും എടുത്തിട്ടുണ്ടോ; അവിടെ ഇത്രവലിയ തെങ്ങ് വളരാനുണ്ടായ കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): മലമ്പുഴ ഡാമിന്റെ കാച്ച്മെൻറ് ഏരിയായിൽ പഴയ കാലങ്ങളിൽ തെങ്ങ് കൃഷി ചെയ്തു. അത് ഇപ്പോൾ വലിയ തെങ്ങുകളായി. അതിൽ ഗവൺമെൻറ് ഉത്തരവാദിയല്ല. മേലിൽ അങ്ങനെ വരാതിരിക്കാൻ ആവശ്യമായ നടപടികളെടുക്കുന്നുണ്ട്. കാച്ച്മെൻറ് ഏരിയാ ആരെങ്കിലും, ട്രെസ്പാസ് ചെയ്താൽ അവരെ ഒഴിപ്പിക്കാൻ കർശന നടപടിയെടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. വി. സി. കബീർ: മലമ്പുഴയിൽ 525 പേരുടെ പേരിൽ കേസെടുത്തിട്ടുണ്ടെന്നേ പറഞ്ഞു. വ്യാപകമായി 525 പേരല്ല. 1,600 ഓളം പേർ ആ പ്രദേശത്ത് കൃഷിചെയ്യുന്നുണ്ട്. ഇന്ന് അത് വളരെ അധികമായി നടന്നുവരുന്ന ഒരു സമ്പ്രദായമാണെന്ന് കഴിഞ്ഞ വർഷംതന്നെ ഡി. ഡി. സിയിൽ പരാതിപ്പെട്ടിരുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽകൂടി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: കഴിഞ്ഞവർഷം നടപടി സ്വീകരിച്ചു. ഈ വർഷം ആരും കൃഷിചെയ്യാതിരിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

നെടുമങ്ങാട്, പാലോട്, കാട്ടാക്കട പ്രദേശങ്ങളിലെ യാത്രാക്ലേശം

(*3) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly